(സി) പരിശോധനാ ഫലങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി ഇന്റേണൽ ക്വാളിറ്റി കൺട്രോൾ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽത്തന്നെ നടത്തുന്നുണ്ട്. എക്സ്റ്റേണൽ ക്വാളിറ്റി കൺട്രോൾ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജുമായി സഹകരിച്ച് നടത്തിവരുന്നു.

(ഡി) ഹോർമോൺ ടെസ്റ്റുകൾ ഒഴികെയുള്ള പരിശോധനാ ഫലങ്ങൾ അതാതു ദിവസം തന്നെ നൽകിവരുന്നു. തൈറോയ്ഡ് ഹോർമോൺ പരിശോധനാ ഫലം എത്രയും പെട്ടെന്ന് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) നിലവിൽ എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ പ്രവർത്തിച്ചു വരുന്നു.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല; കണ്ണൂരിൽ ഈ വർഷമാണ് തുടങ്ങിയത്.

(ജി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ്ഹോമുകൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയെ ഉദ്ദേശിച്ചുകൊണ്ട് ഒരു നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് ബയോമെട്രിക് ഐഡന്റിറ്റി കാർഡ്

9 (*519) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ബാബു :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കും ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിനായി കെൽട്രോണുമായി എന്തെങ്കിലും കരാർ ഒപ്പിട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ വർഷം ഇതിനായി സംസ്ഥാനത്തൊട്ടാകെ എത്ര ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഇതിനായി എന്തു തുക ചെലവിടേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ഇതുവരെ എത്ര പേർക്ക് ഇത്തരം കാർഡുകൾ നല്കാനായി ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനത്തെ എല്ലാ സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കും ഇത്തരം ഐഡന്റിറ്റി കാർഡുകൾ എപ്പോൾ പൂർണ്ണമായും നല്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):

(എ & ബി) സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പെൻഷൻകാർക്കും, തൊഴിൽക്ഷേമ പെൻഷൻകാർക്കും ബയോമെട്രിക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രാരംഭഘട്ടമായി പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയിൽ നിന്നും ഐഡന്റിറ്റി കാർഡുകൾക്കുവേണ്ട വിവരങ്ങൾ ശേഖരിക്കുകയും കെൽട്രോൺ മുഖേന ഐഡന്റിറ്റി കാർഡിനുവേണ്ട format-ൽ കമ്പ്യൂട്ടറിൽ ഫീഡ് ചെയ്തു വരികയും ചെയ്യുന്നു.

(സി) ഏകദേശം 12 ലക്ഷം കാർഡുകൾ.

(ഡി) 540 ലക്ഷം രൂപ.

(ഇ) കാർഡുകൾ ആർക്കും നൽകിയിട്ടില്ല.

(എഫ്) 4 മുതൽ 6 മാസത്തിനുള്ളിൽ ഐഡന്റിറ്റി കാർഡുകൾ പൂർണ്ണമായും നൽകാൻ കഴിയുമെന്നാണ് കരുതുന്നത്.

മാനസിക രോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

10 (*520) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ശിവൻകുട്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക രോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ;

(ബി) ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി സംസ്ഥാനത്തെ മാനസിക രോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് സർക്കാരിന് നൽകിയിട്ടുള്ള ഉപദേശങ്ങൾ എന്തെല്ലാമാണ് ; അത് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly